363064

C 40913 (Pages : 2) Name.......................................

Reg. No...................................

## FOURTH SEMESTER (CUCBCSS–UG) DEGREE EXAMINATION APRIL 2023

Malayalam (B.A./B.Sc.)

MAL 4A 04—MALAYALA SAHITHYAM – IV

(2017–2018 Admissions)

Time : Three Hours Maximum : 80 Marks

I. ഒറ്റവാക്കിൽ ഉത്തരമെഴുതുക.

1 "മറ്റെല്ലാമെന്ന പോലെ ഭാഷയും മാറിക്കൊണ്ടിരിക്കുകയാണ്. പക്ഷേ നമ്മുടെ ഭാഷ നമ്മുടേതാണ്. അത് മറ്റേതെങ്കിലും ഭാഷയുടെ ഫോട്ടോ ആകാൻ പാടില്ല"–ആരുടെ വാക്കുകളാണിത് ?

2 'കയിലുകുത്തുക' എന്ന ശൈലിയുടെ അർത്ഥമെന്ത് ?

3 'ആകാശം പോലുള്ള ഒരു ഹൃദയം മാത്രം കീശയിലിട്ട് നിരത്തിലേക്കിറങ്ങിയ ആ മനുഷ്യൻ'. ഏതു മനുഷ്യനെക്കുറിച്ചാണ് അക്കിത്തം ഇങ്ങനെ പറയുന്നത് ?

4 സി. രാധാകൃഷ്ണന് കേരളസാഹിത്യ അക്കാദമി അവാർഡ് ലഭിച്ച കൃതിയേത് ?

5 എഴുതപ്പെട്ട കാലത്തിന്റെ രാഷ്ട്രീയ ജീവിതവുമായി പുലർത്തിയ അത്യഗാധബന്ധം കൊണ്ട് ശാശ്വതമായിത്തീർന്നവ എന്ന് ബി. രാജീവൻ അഭിപ്രായപ്പെട്ട കൃതികൾ ഏവ ?

6 സംഘകാലത്തെ ആരാധ്യദേവതയേത് ?

7 മരുമക്കത്തായ സമ്പ്രദായത്തെ നിരോധിച്ചു കൊണ്ട് 1937-ൽ നിലവിൽ വന്ന നിയമമേത് ?

8 അയ്യൻകാളിയെ പുലയരാജാവ് എന്ന് വിശേഷിപ്പിച്ചതാര് ?

9 മാർക്കേസിന് നോബൽ സമ്മാനം ലഭിച്ച വർഷമേത് ?

10 'ഞാനൊരു ജാലകം തുറന്നിട്ടു. ഇവിടെ വല്ലാത്തയിരുട്ടായിരുന്നു '–ആരുടെ വാക്കുകൾ ?

(10 × ½ = 5 marks)

II. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. 2 മാർക്ക് വീതം.

11 "പ്രതീക്ഷിക്കാത്ത ഇടങ്ങളിൽ
പ്രതീക്ഷിക്കാത്ത ഉടലുകളിൽ
നമ്മെനോക്കി വരും"

–വിശദമാക്കുക.

12 "അതുമാത്രം നിങ്ങൾ എന്നോടു പറയരുത്. കലയിൽ കോംപ്രമൈസില്ല"–പറയുന്നതാര് ? സന്ദർഭമെന്ത് ?

Turn over

363064

363064



13 വ്യക്തിത്വവും ശൈലിയും തമ്മിലുള്ള ബന്ധമെന്ത് ?

14 പൈങ്കിളിഭാഷ എന്നാലെന്ത് ?

15 'തങ്ങളുടെ കുഞ്ഞുങ്ങൾക്ക് പഠിക്കാൻ സൗകര്യം നൽകിയില്ലെങ്കിൽ കാണായ പാടങ്ങളിലെല്ലാം മുടിപ്പുല്ല് കുരുപ്പിക്കും–സന്ദർഭമെന്ത് ?

(5 × 2 = 10 marks)

III. **അഞ്ചു** ചോദ്യത്തിന് 150 വാക്കിൽ കവിയാതെ ഉത്തരമെഴുതുക. 5 മാർക്ക് വീതം.

16 "ഈ വാക്കുകൾ

ഇതാ ചരിത്രത്തിൽ നിന്നു ചുരണ്ടി നീക്കിക്കഴിഞ്ഞു"

–സന്ദർഭമെന്ത് ? ആശയമെന്ത് ? വിശദമാക്കുക.

17 "ജീവിതത്തിന്റെ വലിയൊരു ഭാഗം ഒരപ്പം പോലെ മുറിച്ചു മറ്റുള്ളവരുമായി പങ്കു വെയ്ക്കുവാൻ കഴിയുമെങ്കിലും ചില കഷണങ്ങൾ സ്വയം തിന്നു തീർക്കുവാനുള്ളവയാണ്. ആ കയ്ക്കുന്ന കഷ്ണം മറ്റാർക്കു വേണം ? ആരുടെ വാക്കുകൾ ? ആശയമെന്ത് ?

18 എന്താണ് വിവർത്തനം ? വിവർത്തനരീതികൾ ഏവ ? വിശദമാക്കുക.

19 ഭാഷാഭേദത്തിനു കാരണമാകുന്ന ഘടകങ്ങളേവ ?

20 'ഒരു' എന്ന വിശേഷണ പദത്തിന്റെ പ്രയോഗത്തെക്കുറിച്ച് എം. എൻ. കാരശ്ശേരി നല്കുന്ന വിവരണങ്ങളെന്ത് ?

21 കവി എന്ന നിലയിൽ അക്കിത്തത്തിന്റെ വളർച്ചയിൽ പ്രധാന പങ്കു വഹിച്ചവർ ആരെല്ലാമായിരുന്നു ?

22 എഴുത്തുകാരൻ തന്റെ രചനയിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ച് സി. രാധാകൃഷ്ണന്റെ അഭിപ്രായമെന്ത് ?

(5 × 5 = 25 marks)

IV. **നാലു** ചോദ്യത്തിന് 300 വാക്കിൽ കവിയാതെ ഉത്തരമെഴുതുക. ഓരോന്നിനും 10 മാർക്ക് വീതം.

23 മാറുന്ന മലയാളത്തെക്കുറിച്ച് പ്രബോധചന്ദ്രൻ നായരുടെ അഭിപ്രായമെന്തെന്ന് വിശദീകരിക്കുക. നിങ്ങളുടെ ജീവിതപരിസരങ്ങളിൽ നിന്നുള്ള ഉദാഹരണങ്ങൾ ഉൾപ്പെടുത്തി വാദങ്ങൾക്ക് ശക്തി പകരുക.

24 കലയും കാലവും തമ്മിലുള്ള ബന്ധം ബി. രാജീവൻ വ്യക്തമാക്കുന്നതെങ്ങനെ ?

25 കേരളത്തിന്റെ സവിശേഷ സാമൂഹിക സാഹചര്യത്തിൽ പ്രേതാരാധനയും അനുബന്ധ വിശ്വാസങ്ങളും രൂപപ്പെട്ടതെങ്ങനെ ? വിശദമാക്കുക.

26 സാംസ്കാരിക സീമകളെ അതിലംഘിക്കുവാൻ വിവർത്തനത്തിന് സാധിക്കുന്നുണ്ടോ ? പാഠഭാഗങ്ങളെ ആസ്പദമാക്കി സ്വമതം സ്ഥാപിക്കുക.

27 'ഒരു ദളിത് യുവതിയുടെ കദനകഥ' എന്ന ശീർഷകം ഉചിതമോ ? കൃതിയുടെ സൂക്ഷ്മാംശങ്ങൾ പരിശോധിച്ച് വിലയിരുത്തുക.

28 ഉപഭോഗ സംസ്കാരത്തിന്റെ അതിപ്രസരവും മാനുഷിക മൂല്യങ്ങളുടെ ശോഷണവുമാണ് കേരളസമൂഹം ഇന്ന് നേരിട്ടു കൊണ്ടിരിക്കുന്ന വിപത്തുകളുടെ കാരണം. ശരിയോ ? സമകാല സംഭവങ്ങളെ മുൻനിർത്തി പരിശോധിക്കുക.

(4 × 10 = 40 marks)

363064

174644

C 21235 (Pages : 2) Name.......................................

Reg. No...................................

# FOURTH SEMESTER (CUCBCSS–UG) DEGREE EXAMINATION APRIL 2022

Malayalam

MAL 4A 04—MALAYALA SAHITHYAM – IV

(2014–2018 Admissions)

Time : Three Hours Maximum : 80 Marks

I. ഒറ്റ വാക്കിൽ ഉത്തരമെഴുതുക.

1 കേരളത്തിൽ മരുമക്കത്തായം നിലനിന്നിരുന്നു എന്ന് രേഖപ്പെടുത്തിയ ആദ്യത്തെ വിദേശസഞ്ചാരി ആരാണ് ?

2 മനുഷ്യപുത്രന്റെ 'മരിച്ചവരുടെ ആടകൾ' എന്ന കവിത മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയതാര് ?

3 'മരിച്ചവർ ഒരു കുറികൂടി മരിക്കുന്നു'– എപ്പോൾ ?

4 'പുഴ മുതൽ പുഴ വരെ' ആരെഴുതിയ നോവലാണ് ?

5 സംഘകാല മനുഷ്യരുടെ ആരാധനാമൂർത്തിയായ ഭഗവതി ആരാണ് ?

6 'ജന്മനാ ഏതു മനുഷ്യനും നല്ലവനാണ് 'എന്ന ആശയം അക്കിത്തത്തിന് പകർന്നു കൊടുത്തതാര് ?

7 മാർക്വേസ് നൊബേൽ സമ്മാനം ഏറ്റുവാങ്ങിക്കൊണ്ട് നടത്തിയ പ്രസംഗത്തിൽ ചിലിയിലെ ഏതു കവിയെയാണ് അനുസ്മരിച്ചത് ?

8 അയ്യങ്കാളിയെ 'പുലയരാജാവ് 'എന്നു വിശേഷിപ്പിച്ചതാര് ?

9 'അതുമാത്രം നിങ്ങൾ എന്നോടു പറയരുത്. കലയിൽ കോംപ്രമൈസില്ല ' ഇങ്ങനെ പറഞ്ഞതാര് ?

10 ഭഗവതിയുടെ വേഷം അഭിനയിക്കാമെന്നേറ്റിട്ട് പിൻമാറിയ നടിയുടെ പേരെന്ത് ?

(10 × ½ = 5 marks)

II. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക.

11 കേരളത്തിലെ ആദിമനിവാസികളെ ശിലായുഗ ജീവിതത്തിന്റെ അവസാന കണ്ണികളായി കണക്കാക്കുന്നതെന്തു കൊണ്ട് ?

12 'പലരുടെയും മനസ്സിൽ നിന്ന് ആ കറ മാഞ്ഞിരുന്നില്ല' സൂചിതമെന്ത് ?

13 'ജയിലർക്ക് കണ്ണുകൾ അടയ്ക്കേണ്ടി വന്നു ' എന്തുകൊണ്ട് ? എപ്പോൾ ?

14 'നീ മാത്രമല്ല അങ്ങനെ വിശ്വസിക്കുന്നത് ഞങ്ങൾ കാണികളും അങ്ങനെ കരുതുന്നു.' വിവക്ഷയെന്ത് ?

15 അക്കിത്തത്തിന്റെ ആത്മ പരിശോധനാശീലത്തെ വളർത്തിയ സംഭവം ഏതായിരുന്നു ?

(5 × 2 = 10 marks)

Turn over

174644

174644



III. **അഞ്ചു** ചോദ്യത്തിന് 150 വാക്കിൽ കവിയാതെ ഉത്തരമെഴുതുക.

16 ലാറ്റിനമേരിക്കയുടെ ഏകാന്തതയുടെ കാതൽ എന്താണ് ?

17 അക്കിത്തം മാരാരെ വഞ്ചിച്ചതെങ്ങനെ ?

18 അയ്യൻകാളി നയിച്ച വില്ലുവണ്ടി സമരത്തെക്കുറിച്ച് ഉപപാദിക്കുക.

19 കാടൻമാരുടെ ജീവിതരീതിയുടെ പ്രത്യേകതയെന്ത് ?

20 "ഉൽപാദിപ്പിച്ചു കഴിഞ്ഞ ഒരു വാചകം പ്രാണനുള്ള ഒരു ജീവിയാണ് "–ഈ മനോഭാവം ആരുടേതാണ് ? ഇതിന്റെ പ്രസക്തിയെന്ത് ?

21 "കലയ്ക്കു വേണ്ടി അയാൾ സ്വയം ഏൽപ്പിച്ച ഒരു കഠിനമായ ശിക്ഷയായിരുന്നു അത് "–ആര് ? സന്ദർഭം വ്യക്തമാക്കുക.

22 'ഒരു' എന്ന വിശേഷണ പദത്തിന്റെ പ്രയോഗത്തെക്കുറിച്ച് എം.എൻ. കാരശ്ശേരിയുടെ നിരീക്ഷണമെന്ത് ?

(5 × 5 = 25 marks)

IV. **നാലു** ചോദ്യത്തിന് 300 വാക്കിൽ കവിയാതെ ഉത്തരമെഴുതുക.

23 മധ്യശിലായുഗത്തിലെ കേരളത്തിലെ ആദിവാസികളുടെ സാമൂഹിക ജീവിതം എങ്ങനെയായിരുന്നുവെന്ന് വിവരിക്കുക.

24 ദളിതരുടെ വിദ്യാഭ്യാസ സ്വാതന്ത്ര്യത്തിനു വേണ്ടി അയ്യങ്കാളി നയിച്ച പ്രക്ഷോഭങ്ങളേവ ? അവയുടെ ഫലമെന്ത് ?

25 മലയാള ശൈലിയെപ്പറ്റി പ്രൊഫ. എസ്. ഗുപ്തൻ നായരും എം.എൻ. കാരശ്ശേരിയും പങ്കു വയ്ക്കുന്ന ആശയങ്ങൾ ക്രോഡീകരിക്കുക.

26 മലയാള ഗദ്യത്തിന്റെ പുരോഗതിയെക്കുറിച്ചുള്ള സുചിന്തതാഭിപ്രായങ്ങളാണ് സാഹിത്യസാഹ്യത്തിൽ ഏ.ആർ. രാജരാജവർമ്മ പ്രകടിപ്പിക്കുന്നത്–ഉപപാദിക്കുക.

27 വിവർത്തനം ഒരു സാംസ്കാരിക പ്രവർത്തനം കൂടിയാണ്–പാഠ്യഭാഗങ്ങളെ ആസ്പദമാക്കി ചർച്ച ചെയ്യുക.

28 എം. മുകുന്ദന്റെ 'ഒരു ദളിത് യുവതിയുടെ കദനകഥ' മലയാള നോവലിന്റെ ഭാവുകത്വ പരിണതിയിൽ എത്രമാത്രം നിർണായകമാണെന്ന് പരിശോധിക്കുക.

(4 × 10 = 40 marks)

174644

**C 2143** (Pages : 2) Name.......................................

Reg. No...................................

## FOURTH SEMESTER B.A./B.Sc. DEGREE EXAMINATION, APRIL 2021

(CUCBCSS–UG)

Malayalam

MAL 4A 04—MALAYALA SAHITHYAM – IV

Time : Three Hours Maximum : 80 Marks

I. **എല്ലാ** ചോദ്യങ്ങൾക്കും ഒറ്റ വാക്കിൽ ഉത്തരമെഴുതുക :

1 'ഇസങ്ങൾക്കപ്പുറം' എന്ന കൃതിയുടെ കർത്താവാര് ?

2 മലയാളഭാഷ ഉൾപ്പെടുന്ന ഭാഷാഗോത്രമേത് ?

3 നാണയം എന്ന നിലയിൽ 'ചക്രം' നിലവിലുണ്ടായിരുന്ന നാട്ടുരാജ്യമേത് ?

4 അക്കിത്തത്തിന് കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് നേടിക്കൊടുത്ത കൃതിയേത് ?

5 'തീക്കടൽ കടഞ്ഞ് തിരുമധുരം' എന്ന കൃതിയുടെ കർത്താവാര് ?

6 സംഘകാലത്ത് യുദ്ധവിജയത്തിനു വേണ്ടി ആരാധിച്ചിരുന്ന ദേവി ആര് ?

7 കേരളത്തിലെ ദായക്രമത്തെക്കുറിച്ച് ആദ്യമായി പരാമർശിച്ച വിദേശ സഞ്ചാരിയാര് ?

8 'ഒരു ഭാഷയിലെ പാഠ്യവസ്തുവിനെ മറ്റൊരു ഭാഷയിലെ തത്തുല്യമായ പാഠ്യവസ്തു കൊണ്ട് ആദേശം ചെയ്യുന്നതാണ് വിവർത്തനം'—ഇങ്ങനെ പറഞ്ഞതാരാണ് ?

9 'The open window' എന്ന കഥയുടെ കർത്താവാര് ?

10 ഇ.എം.എസിനെ കേന്ദ്ര കഥാപാത്രമാക്കിക്കൊണ്ട് എം. മുകുന്ദൻ രചിച്ച നോവലേത് ?

(10 × ½ = 5 marks)

II. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക :

11 കഥാകാരന്മാർക്ക് തലയുടെ പിൻവശവും കണ്ണുകൾ വേണമെന്ന് ജാവേദ് പറയുന്നതെന്തു കൊണ്ടാണ് ?

12 പിൻവിവർത്തനം (Back Translation) എന്നാലെന്ത് ?

13 അയ്യൻകാളിയ്ക്ക് 'പുലയരാജാവ്' എന്ന വിശേഷണം ലഭിച്ചതെങ്ങനെ ?

14 അക്കിത്തം മാരാരെ കബളിപ്പിച്ചതെങ്ങനെയാണ് ?

15 മരിച്ചവർക്ക് മരണാനന്തര ജീവിതം നല്കുന്നത് വാക്കാണെന്നു പറയുന്നതിന്റെ പിന്നിലെ ഔചിത്യം എന്ത് ?

(5 × 2 = 10 marks)

Turn over

III. നൂറ്റമ്പതു വാക്കിൽ കവിയാതെ ഏതെങ്കിലും **അഞ്ചു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക :

16 'പ്രത്യയ ശാസ്ത്രങ്ങൾ മാത്രമല്ല, കലയും രക്തസാക്ഷികളെ സൃഷ്ടിക്കുന്നു' സന്ദർഭവും ആശയവും വ്യക്തമാക്കുക.

17 മരണത്തിലും വേർപെടാത്ത ഒരനുഭവമാണ് മരിച്ചവന്റെ ആടകൾ—വിശദമാക്കുക.

18 ദളിതരുടെ സഞ്ചാരസ്വാതന്ത്ര്യ സമരത്തിന് അയ്യങ്കാളി നേതൃത്വം നൽകിയതെങ്ങനെയെന്ന് വിവരിക്കുക.

19 കേരളത്തിലെ ആദിവാസികൾക്കിടയിൽ നിലനിന്നു പോന്ന വിവാഹ സമ്പ്രദായത്തെക്കുറിച്ച് ഉപന്യസിക്കുക.

20 കലാകാരൻ ആത്മാർതതയുള്ളവനും സത്യസന്ധനുമായിരിക്കണമെന്ന് പറയുന്നതെന്തുകൊണ്ടാണ് ?

21 ഗദ്യത്തിൽ പടച്ചു വിടുന്ന പ്രാസം ഒഴിവാക്കുന്നതാണ് നല്ലതെന്ന് കാരശ്ശേരി അഭിപ്രായപ്പെടുന്നതെന്തുകൊണ്ടാണ് ?

22 ഭാഷാഭേദം ഏതൊരു ഭാഷയുടെയും സ്വത്വത്തിന്റെ ഭാഗമാണ്—'മാറുന്ന മലയാളം' എന്ന ലേഖനത്തെ അടിസ്ഥാനമാക്കി ചർച്ച ചെയ്യുക.

(5 × 5 = 25 marks)

IV. മുന്നൂറു വാക്കിൽ കവിയാതെ ഏതെങ്കിലും **നാല്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക :

23 ഉത്തരാധുനികത നോവലിന്റെ സവിശേഷതകൾ 'ഒരു ദളിത് യുവതിയുടെ കദനകഥ' എന്ന കൃതിയിൽ എത്രത്തോളം പ്രകടമാണെന്ന് പരിശോധിക്കുക.

24 നാട്ടു ഭാഷാ വിദ്യഭ്യാസത്തിന്റെ ആവശ്യകതയെക്കുറിച്ചുള്ള ഏ. ആറിന്റെ അഭിപ്രായം സംഗ്രഹിക്കുക.

25 തന്റെ കാവ്യജീവിതത്തെ സ്വാധീനിച്ച വ്യക്തിത്വങ്ങളെ അക്കിത്തം സ്മരിക്കുന്നതെപ്രകാരമാണെന്ന് വിലയിരുത്തുക.

26 കേരളത്തിലെ ആദിവാസികൾക്കിടയിൽ പ്രചാരത്തിലുണ്ടായിരുന്ന ആചാരാനുഷ്ഠാനങ്ങൾ ഏവ ? വിശദമാക്കുക.

27 ഗബ്രിയേൽ ഗാർഷ്യമാർക്വേസ് തന്റെ നോബൽ സമ്മാന പ്രസംഗത്തിലൂടെ വെളിപ്പെടുത്തുന്ന ലാറ്റിനമേരിക്കൻ ജനതയുടെ യഥാർത്ഥ ജീവിതചരിത്രം എന്ത് ? വിശദമാക്കുക.

28 ഒരു കലാകാരൻ അയാൾ നിലനില്ക്കുന്ന ചരിത്ര ഘട്ടത്തോട് നടത്തുന്ന ഏറ്റവും നഗ്നമായ ആത്മപ്രതികരണമാണ് യഥാർത്ഥ കല–കലയും കാലവും എന്ന ലേഖനത്തെ അടിസ്ഥാനമാക്കി ചർച്ച ചെയ്യുക.

(4 × 10 = 40 marks)

C 80836 (Pages : 2) Name.......................................

Reg. No..................................

... Arts & Science College, Pattanur P.O., Acc. No., Kottakkal, Malappuram

# FOURTH SEMESTER (CUCBCSS–UG) DEGREE EXAMINATION
## APRIL 2020

Malayalam

MAL 4A 04—MALAYALA SAHITHYAM – IV

Time : Three Hours Maximum : 80 Marks

I. ഒറ്റവാക്കിൽ ഉത്തരമെഴുതുക :

1 കേരളപാണിനീയം രചിച്ചത് ആര് ?

2 'മേക്ക്' എന്ന പദത്തിന്റെ അർത്ഥമെന്ത് ?

3 ദളിതരുടെ സഞ്ചാരസ്വാതന്ത്ര്യം ലക്ഷ്യമാക്കി 'വില്ലുവണ്ടിയാത്ര' നടത്തിയത് ആര് ?

4 അക്കിത്തത്തിന്റെ യഥാർത്ഥപേര് എഴുതുക.

5 'എറിത്രേയൻ കടൽ' എന്നറിയപ്പെടുന്ന സമുദ്രം ഏത് ?

6 'കയിലുകുത്തുക' എന്ന പദത്തിന്റെ അർത്ഥമെഴുതുക.

7 'മയ്യഴിപ്പുഴയുടെ തീരങ്ങളിൽ' എന്ന കൃതിയുടെ രചയിതാവ് ആര് ?

8 കേരളത്തിലെ ഗിരിവർഗ്ഗക്കാർ മൃതദേഹം മറവുചെയ്യാൻ ഉപയോഗിച്ചിരുന്ന രീതി എന്ത് ?

9 'ജനനിബിഡമായ ദന്തഗോപുരം' എന്ന ഗ്രന്ഥം എഴുതിയതാര് ?

10 'ചേരുവകളും ചാരുതയും' എന്ന ലേഖനം രചിച്ചത് ആര് ?

(10 × ½ = 5 marks)

II. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക :

11 കാടൻമാർ നെഗ്രിറ്റോ വംശജരാണ് എന്നു പറയാൻ കാരണമെന്ത് ?

12 കല്ലുമാല സമരത്തിന്റെ പ്രാധാന്യമെന്ത് ?

13 "ഞാൻ ഒരു ജാലകം തുറന്നിട്ടു. ഒട്ടും നിയന്ത്രണം വിടാതെ ചിത്രകാരൻ പറഞ്ഞു. ഇവിടെ വല്ലാത്ത ഇരുട്ടായിരുന്നു." ഈവാക്യങ്ങളുടെ താത്പര്യാർത്ഥമെഴുതുക.

14 കേരളം എന്ന പദത്തിന്റെ നിഷ്പത്തി വ്യക്തമാക്കുക.

15 കേരളത്തിലെ ആദിമനിവാസികളുടെ ഗണചിഹ്നങ്ങൾ ഏവ ?

(5 × 2 = 10 marks)

III. ഓരോന്നിനും നൂറ്റമ്പതു വാക്കിൽ കവിയാതെ **അഞ്ചു** ചോദ്യത്തിന് ഉത്തരമെഴുതുക :

16 എഴുത്തുകാരന്റെ കൈമുതൽ ജീവിതാനുഭവങ്ങളാണ് എന്നതിനെക്കുറിച്ച് സി. രാധാകൃഷ്ണൻ പുലർത്തുന്ന അഭിപ്രായങ്ങൾ സംഗ്രഹിക്കുക.

17 'സർഗ്ഗാത്മകകൃതികളുടെ വിവർത്തനം ഒരു സർഗാത്മക പ്രവർത്തനം തന്നെയാണ്' വിവരിക്കുക.

Turn over

18 ദലിത് വിഭാഗങ്ങളുടെ വിദ്യാഭ്യാസാവകാശത്തിനുവേണ്ടി അയ്യങ്കാളി നടത്തിയ പോരാട്ടങ്ങളെക്കുറിച്ച് വിവരിക്കുക.

19 'മരിച്ചവന്റെ ആടകൾ' എന്ന കവിതയുടെ പ്രതീകാത്മക സവിശേഷതകൾ വിശകലനം ചെയ്യുക.

20 നോവൽ, ചെറുകഥ എന്നീ സാഹിത്യരൂപങ്ങളുടെ സാമ്യവ്യത്യാസങ്ങൾ പരിചയപ്പെടുത്തുക.

21 എഴുത്തുകാരൻ ഭാഷാപ്രയോഗത്തിൽ പുലർത്തേണ്ട നിഷ്ഠകളെക്കുറിച്ച് എം.എൻ. കാരശ്ശേരി പങ്കുവയ്ക്കുന്ന ആശയങ്ങൾ സംഗ്രഹിക്കുക.

22 അക്കിത്തത്തിന്റെ സാഹിത്യസംഭാവനകൾ പരിചയപ്പെടുത്തുക.

(5 × 5 = 25 marks)

IV. ഓരോന്നിനും മുന്നൂറു വാക്കിൽ കവിയാതെ ഏതെങ്കിലും **നാലു** ചോദ്യത്തിന് ഉത്തരമെഴുതുക :

23 പ്രമേയം, കഥാപാത്രങ്ങൾ, ആഖ്യാനം എന്നീ ഘടകങ്ങളെ മുൻനിർത്തി 'ഒരു ദളിത് യുവതിയുടെ കദനകഥ' എന്ന നോവലിനെക്കുറിച്ച് ഉപന്യസിക്കുക.

24 ലാറ്റിനമേരിക്കൻ സാഹിത്യത്തിന്റെ പ്രത്യേകതകളുടെ മാർക്വേസ് പുലർത്തുന്ന നിരീക്ഷണങ്ങളുടെ സാധുത വിശദമാക്കുക.

25 കേരളത്തിലെ ആദിവാസികളുടെ സാമൂഹിക, സാംസ്കാരിക ജീവിതത്തെക്കുറിച്ച് വിവരിക്കുക.

26 മരുമക്കത്തായത്തിന്റെ പിറവിക്ക് വഴി തെളിച്ച ചരിത്രപരവും സാമൂഹികവുമായ സാഹചര്യത്തെക്കുറിച്ച് വിശദമാക്കുക.

27 'കലയും കാലവും' എന്ന കൃതിയിലൂടെ ബി. രാജീവൻ അവതരിപ്പിക്കുന്ന ആശയങ്ങൾ ക്രോഡീകരിക്കുക.

28 ആഗോളവത്കരണം പ്രാദേശിക സംസ്കാരത്തെ ആക്രമിക്കുന്നത് എപ്രകാരമാണ് 'ഭാഷമരിക്കുമ്പോൾ' എന്ന കവിതയിലെ ആശയങ്ങൾ കൂടി പരിഗണിച്ച് വ്യക്തമാക്കുക.

(4 × 10 = 40 marks)

C 61195 (Pages : 2) Name.........................................

Reg. No.........................................

...Arts & Science College ... Kottakkal ...

# FOURTH SEMESTER B.A./B.Sc. DEGREE EXAMINATION, APRIL 2019

(CUCBCSS–UG)

Malayalam

MAL 4A 04—MALAYALA SAHITYAM—IV

(2014 Admissions)

Time : Three Hours Maximum : 80 Marks

I. എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക :

1 "ദാനമായി കൊടുക്കാമെന്നാണെങ്കിൽ
മരിച്ചവൻെറ ഛായയിൽ
പ്രതീക്ഷിക്കാത്ത ഉടലുകളിൽ
നമ്മെ നോക്കിവരും"
—കവിത ഏത് ?

2 എം. മുകുന്ദൻെറ **രണ്ട്** കൃതികളുടെ പേരെഴുതുക.

3 അക്കിത്തത്തിൻെറ യഥാർത്ഥ പേര് എന്ത് ?

4 'ജനനിബിഡമായ ദന്തഗോപുരം' എന്ന കൃതി രചിച്ചതാര് ?

5 കേരളത്തിലെ ഗിരിവർഗ്ഗക്കാർ ഗോത്രത്തലവനെ വിളിച്ചിരുന്ന പേരെന്ത് ?

6 'സാധുജന പരിപാലന സംഘം' പുറത്തിറക്കിയ മാസിക ഏത് ?

7 'എറിത്രേയിൻ കടൽ' ഇപ്പോൾ ഏതു പേരിലാണ് അറിയപ്പെടുന്നത് ?

8 "തനിക്ക് ജീവിത വീക്ഷണമില്ല. ഭൂഗോളത്തെക്കുറിച്ചും പ്രപഞ്ചത്തെക്കുറിച്ചും ഒരു അമ്പരപ്പാണുള്ളത് " എന്ന് പ്രസ്താവിച്ചത് ആര് ?

9 'അത് ഞമ്മളാണ് ' എന്ന പറച്ചിലിലൂടെ വിഖ്യാതനായിത്തീർന്ന ബഷീർ കഥാപാത്രം ഏത് ?

10 അയ്യങ്കാളിയെ 'പുലയരാജാവ് ' എന്ന് വിശേഷിപ്പിച്ചത് ആര് ?

(10 × ½ = 5 marks)

II. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക :

11 കേരളം എന്ന പദത്തിൻെറ നിഷ്പത്തി എപ്രകാരമാണ് ?

12 കേരളത്തിലെ പ്രധാന ഗിരിവർഗ്ഗ സമൂഹങ്ങൾ ഏവ ?

Turn over

13 ‘കല്ലുമാല സമരം’ എന്നാൽ എന്ത് ?

14 ചുവരുകളിലൊന്നിൽ ജാലകത്തിന്റെ ചിത്രം വരയ്ക്കാൻ ചിത്രകാരൻ തീരുമാനിച്ചതെന്തുകൊണ്ടാണ് ?

15 “ഒരു ഭാഷ മരിക്കുമ്പോൾ മരിച്ചവർ ഒരു കുറി കൂടി മരിക്കുന്നു”—ആശയമെന്ത് ?

(5 × 2 = 10 marks)

III. നൂറ്റമ്പതു വാക്കിൽ കവിയാതെ ഏതെങ്കിലും **അഞ്ച്** ചോദ്യത്തിന് ഉത്തരമെഴുതുക :

16 ദലിത് വിദ്യാഭ്യാസ പുരോഗതിക്ക് അയ്യങ്കാളി നൽകിയ സംഭാവനകൾ എന്തെല്ലാം ?

17 ‘മരിച്ചവന്റെ ആടകൾ’ എന്ന കവിതയുടെ പ്രമേയപരമായ പ്രസക്തി വിലയിരുത്തുക.

18 അദ്ധ്യാപകരും ബാല്യജീവിതാനുഭവങ്ങളും സി. രാധാകൃഷ്ണന്റെ രചനകളെ സ്വാധീനിച്ചതെങ്ങനെ ?

19 കേരളത്തിലെ ഗിരിവർഗ്ഗക്കാരുടെ ആചാരങ്ങൾ പരിചയപ്പെടുത്തുക.

20 വിവർത്തനം ഒരു സർഗ്ഗാത്മക വ്യാപാരമാണോ ? സമർത്ഥിക്കുക.

21 അയ്യങ്കാളി നടത്തിയ ‘വില്ലുവണ്ടി യാത്ര’യുടെ സാമൂഹിക പ്രസക്തി വിശദമാക്കുക.

22 ഏ.ആർ. രാജരാജവർമ്മയുടെ സാഹിത്യസംഭാവനകൾ പരിചയപ്പെടുത്തുക.

(5 × 5 = 25 marks)

IV. മുന്നൂറു വാക്കിൽ കവിയാതെ ഏതെങ്കിലും **നാല്** ചോദ്യത്തിന് ഉത്തരമെഴുതുക :

23 എം. മുകുന്ദന്റെ നോവൽ രചനാ കൗശലം ‘ദളിത് യുവതിയുടെ കദനകഥ’യെ ആസ്പദമാക്കി വിശദീകരിക്കുക.

24 കേരളത്തിലെ ഗിരിവർഗ്ഗക്കാരുടെ സാമൂഹിക ജീവിതത്തെക്കുറിച്ച് ഉപന്യസിക്കുക.

25 ‘കലയും കാലവും’ എന്ന ലേഖനത്തിലൂടെ ബി. രാജീവൻ നടത്തുന്ന നിരീക്ഷണങ്ങൾ സംഗ്രഹിക്കുക.

26 ഭാഷാശൈലിയുടെ സവിശേഷതകളെക്കുറിച്ച് എം.എൻ. കാരശ്ശേരിയുടെ അഭിപ്രായങ്ങൾ വിവരിക്കുക.

27 ‘ലാറ്റിനമേരിക്കയുടെ ഏകാന്തത’ എന്ന ലേഖനം ലാറ്റിനമേരിക്കൻ സംസ്കാരത്തിലേക്കും സാഹിത്യത്തിലേക്കുമുള്ള ചൂണ്ടുപലകയാകുന്നതെങ്ങനെ ? വിശദമാക്കുക.

28 എസ്. ഗുപ്തൻനായരുടെ ശൈലീ ചിന്തകൾ സംഗ്രഹിക്കുക.

(4 × 10 = 40 marks)

**D 41943** (Pages : 2) Name..............................

Reg. No..............................

...k Arts & Science College, Kottakkal, Malappuram

# FOURTH SEMESTER B.A./B.Sc. DEGREE EXAMINATION, APRIL 2018

(CUCBCSS–UG)

Common Course—Malayalam

## MAL 4A 04—മലയാള സാഹിത്യം—IV

Time : Three Hours Maximum : 80 Marks

I. എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക :

1 സി. രാധാകൃഷ്ണൻെറ **രണ്ട്** കൃതികളുടെ പേരെഴുതുക.

2 'Style is the man' എന്ന നിരീക്ഷണം ആരുടേതാണ് ?

3 'മലയാളം മലയാളികളോളം' എന്ന ഗ്രന്ഥത്തിൻെറ രചയിതാവ്.

4 'കിഴക്ക് ' എന്ന പദത്തിൻെറ അർത്ഥമെന്ത് ?

5 'സാധുജന പരിപാലന സംഘം' സ്ഥാപിച്ചത് ആര് ?

6 "ഒരു കലാകാരൻ അയാൾ നിലനിൽക്കുന്ന ചരിത്രഘട്ടത്തോട് നടത്തുന്ന ഏറ്റവും നഗ്നമായ ആത്മപ്രതികാരമാണ് കല" എന്ന് നിരീക്ഷിച്ചത് ആര് ?

7 'കേരളപാണിനി' എന്നറിയപ്പെടുന്നത് ആര് ?

8 മയ്യഴിപ്പുഴയുടെ കഥാകാരൻ എന്ന പേരിൽ വിഖ്യാതനായത് ആര് ?

9 'ചേരുവകളും ചാരുതയും' എന്ന ലേഖനം ഏത് ഗ്രന്ഥത്തിൽനിന്നും എടുത്തിട്ടുള്ളതാണ് ?

10 ഗിരിവർഗ്ഗക്കാർ മൃതശരീരം എങ്ങനെയാണ് മറവുചെയ്തിരുന്നത് ?

(10 × ½ = 5 marks)

II. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക :

11 കേരളത്തിലെ ആദിമ നിവാസികളുടെ പ്രധാന ഗണചിഹ്നങ്ങൾ എന്തൊക്കെയാണ് ?

12 'മനക്കണ്ണിൽ തെളിഞ്ഞു കാണുന്നതേ എഴുതാൻ പുറപ്പെടാവൂ' എന്ന നിലപാടിൻെറ അടിസ്ഥാനമെന്ത് ?

13 പ്രാസത്തെക്കുറിച്ച് എം.എൻ. കാരശ്ശേരി പുലർത്തുന്ന നിരീക്ഷണങ്ങൾ ഏവ ?

14 അയ്യങ്കാളി നടത്തിയ വില്ലുവണ്ടി യാത്രയുടെ ചരിത്ര പ്രാധാന്യമെന്ത് ?

15 പെയിൻറ് ചെയ്ത ജാലകത്തിലൂടെ വന്നിരുന്ന പ്രകാശത്തിൻെറ തീക്ഷ്ണതയാൽ ജയിലർക്ക് കണ്ണുകൾ അടയ്ക്കേണ്ടിവന്നു സൂചിതമെന്ത് ?

(5 × 2 = 10 marks)

**Turn over**

III. നൂറ്റമ്പതു വാക്കിൽ കവിയാതെ ഏതെങ്കിലും **അഞ്ചു** ചോദ്യത്തിന് ഉത്തരമെഴുതുക :

16 നോവലും ചെറുകഥയും തമ്മിലുള്ള പ്രധാന വ്യത്യാസങ്ങൾ ഏവ ?

17 കേരളത്തിലെ ആദിവാസികളുടെ നരവംശ ശാസ്ത്രപരമായ പ്രത്യേകതകൾ പരിചയപ്പെടുത്തുക.

18 'തുറന്ന ജാലകം' എന്ന കഥയിലെ പ്രതീകങ്ങളുടെ സവിശേഷതകൾ വിശദമാക്കുക.

19 'ഭാഷ മരിക്കുമ്പോൾ' എന്ന കവിത പങ്കു വയ്ക്കുന്ന ആകുലതകൾ എന്തൊക്കെയാണ് ? വിശദമാക്കുക.

20 എഴുത്തുകാരൻ ഭാഷാപ്രയോഗത്തിൽ എന്തെല്ലാം ശ്രദ്ധിക്കണം ? എം.എൻ. കാരശ്ശേരിയുടെ നിഗമനങ്ങൾ സംഗ്രഹിക്കുക.

21 അക്കിത്തം, മാരാരെ വഞ്ചിക്കാനിടയായ സാഹചര്യമെന്ത് ? വിശദമാക്കുക.

22 എഴുത്തുകാരനുണ്ടായിരിക്കേണ്ട ജീവിതാനുഭവങ്ങളെക്കുറിച്ച് സി. രാധാകൃഷ്ണന്റെ അഭിപ്രായങ്ങൾ സംഗ്രഹിക്കുക.

(5 × 5 = 25 marks)

IV. മുന്നൂറു വാക്കിൽ കവിയാതെ ഏതെങ്കിലും **നാല്** ചോദ്യത്തിന് ഉത്തരമെഴുതുക :

23 കേരളത്തിലെ ആദിവാസികളുടെ സാംസ്കാരിക ജീവിതത്തെക്കുറിച്ച് ഉപന്യസിക്കുക.

24 കഥാപാത്ര സൃഷ്ടിയിൽ എം. മുകുന്ദൻ പുലർത്തുന്ന വൈഭവം 'ഒരു ദളിത് യുവതിയുടെ കദന കഥ'യെ ആസ്പദമാക്കി വിശകലനം ചെയ്യുക.

25 കേരളീയ നവോത്ഥാനത്തിന് അയ്യങ്കാളി ചെയ്ത സംഭാവനകൾ വിലയിരുത്തുക.

26 ലാറ്റിനമേരിക്കൻ സാഹിത്യത്തിന്റെ സവിശേഷതകളെക്കുറിച്ച് മാർക്വേസ് നടത്തുന്ന നിരീക്ഷണങ്ങൾ സംഗ്രഹിക്കുക.

27 മരുമക്കത്തായത്തിന്റെ പിറവിക്ക് വഴിതെളിച്ച ചരിത്ര പശ്ചാത്തലം വിശകലനം ചെയ്യുക.

28 എസ്. ഗുപ്തൻ നായരുടെ ശൈലീചിന്തകൾ സംഗ്രഹിക്കുക.

(4 × 10 = 40 marks)

**C 23278** **(Pages : 2)** Name..............................

Reg. No..............................

# FOURTH SEMESTER B.A./B.Sc. DEGREE EXAMINATION, APRIL 2017

(CUCBCSS–UG)

Common Course—Malayalam

## MAL 4A 04—മലയാള സാഹിത്യം-IV

Time : Three Hours Maximum : 80 Marks

I. എല്ലാ ചോദ്യങ്ങൾക്കും ഒറ്റ വാക്കിൽ ഉത്തരമെഴുതുക :

1 'ജനനിബിഡമായ ദന്തഗോപുരം' ആരുടെ കൃതി ?

2 എം.എൻ. കാരശ്ശേരിയുടെ പൂർണ്ണമായ പേരെന്ത് ?

3 സംഘകാലത്ത് ആരാധിച്ചിരുന്ന ദേവിയുടെ പേര് ?

4 നിരന്തരമായ ഉപയോഗംമൂലം മുനയൊടിഞ്ഞുപോയ പ്രയോഗത്തിന് പറയുന്ന പേരെന്ത് ?

5 തീണ്ടാരിയാകുന്ന സ്ത്രീകൾ താമസ്സിക്കുന്ന കൂരയുടെ പേര് ?

6 'പെർഫക്ട് ജൻറിൽമാൻ' എന്ന് കരിംബോയി ആരെയാണ് വിശേഷിപ്പിച്ചത് ?

7 അക്കിത്തത്തിൻെറ കവിത ആദ്യമായി പ്രസിദ്ധീകരിച്ച മാസിക ഏത് ?

8 പ്രാചീന കാലത്തെ ഏറ്റവും പ്രസിദ്ധമായ വിദ്യാശാല ഏത് ?

9 കൊല്ലം പട്ടണത്തിൻെറ ഭരണം നിർവ്വഹിച്ചിരുന്ന സംഘം ഏത് ?

10 'ഉപനയനം' എന്ന കൃതി പ്രസിദ്ധീകരിച്ച വർഷം.

(10 × ½ = 5 marks)

II. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക :

11 പ്രാചീനർ രീതിയ്ക്ക് ഉപയോഗിച്ചിരുന്ന പേരുകൾ ഏവ ?

12 നിഗ്രിറ്റോ വംശത്തിൻെറ പ്രധാന ലക്ഷണങ്ങൾ ഏവ ?

13 പ്രാസം എന്നാലെന്ത് ?

14 നഗരത്തിലെ അന്തരീക്ഷ മലിനീകരണത്തെപ്പറ്റി ജാവേദിൻെറ അഭിപ്രായമെന്ത് ?

15 "ഇതൊന്നും ഞാൻ ഹർജി കൊടുത്തു സമ്പാദിച്ചതല്ലല്ലോ എന്ന വേദന മനസ്സിൽ കൂമ്പി നിന്നിരുന്നു"—ആർക്ക് ? എന്ത് ?

(5 × 2 = 10 marks)

Turn over

III. നൂറ്റമ്പതു വാക്കിൽ കവിയാതെ ഏതെങ്കിലും **അഞ്ചു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക :

16 ശുക്രൻെറ ഒരു കണ്ണു നഷ്ടപ്പെട്ടതെങ്ങനെ ?

17 നോവലും ചെറുകഥയും തമ്മിലുള്ള വ്യത്യാസമെന്ത് ?

18 ദേവദാസികളുടെ ഉത്ഭവചരിത്രത്തെപ്പറ്റി വിവരിക്കുക.

19 "അങ്ങേയ്ക്ക് അത് മനസ്സിലാകില്ല. മറ്റൊരു പെണ്ണിനേ അത് മനസ്സിലാകൂ"—വക്താവാര് ? സൂചിതമെന്ത് ?

20 പഴമൊഴിയും ശൈലിയും തമ്മിലുള്ള വ്യത്യാസമെന്ത് ?

21 പട്ടത്താനം എന്നാലെന്ത് ?

22 ഓരോ എഴുത്തുകാരനും സ്വന്തമായി ഭാഷയുണ്ട് എന്നു പറയുന്നതിൻെറ അർത്ഥമെന്ത് ?

(5 × 5 = 25 marks)

IV. മുന്നൂറു വാക്കിൽ കവിയാതെ ഏതെങ്കിലും **നാല്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക :

23 റിയാലിറ്റി ഷോകൾ ഉയർത്തുന്ന ആശങ്കകൾ എന്തെല്ലാം ?

24 കേരളത്തിലെ ആദിമ നിവാസികളുടെ സാമൂഹ്യ ജീവിതത്തെയും ആചാരങ്ങളെയുംപറ്റി വിവരിക്കുക.

25 വിവർത്തനത്തിലൂടെ നടക്കുന്ന സാംസ്കാരിക ധർമ്മമെന്ത് ?

26 'പ്രത്യയശാസ്ത്രങ്ങൾ മാത്രമല്ല, കലയും രക്തസാക്ഷികളെ സൃഷ്ടിക്കുന്നു' എന്ന അഭിപ്രായം 'ഒരു ദളിത് യുവതിയുടെ കദനകഥ'യുമായി ബന്ധപ്പെട്ടിരിക്കുന്നു—സമർത്ഥിക്കുക.

27 ശൈലീചിന്തയെപ്പറ്റി എസ്. ഗുപ്തൻനായരുടെ നിഗമനങ്ങൾ ക്രോഡീകരിക്കുക.

28 അക്കിത്തത്തെ ആദ്യകാല കാവ്യാനുഭൂതികളിലേക്ക് ഉപനയിച്ചതിൻെറ ഫലങ്ങളായിരുന്നു 'ഉപനയനം'—നിരൂപിക്കുക.

(4 × 10 = 40 marks)